പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4095 12.12.2018-ൽ മറുപടിക്ക്.

## പ്രളയകാലത്ത് അനുവദിച്ച ഭക്ഷ്യസാധനങ്ങൾക്ക് വില ഈടാക്കിയ കേന്ദ്ര നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ.ആർ. രാമചന്ദ്രൻ**<br>**ശ്രീമതി സി.കെ. ആശ**<br>**ശ്രീ.എൽദോ എബ്രഹാം** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) പ്രളയകാലത്ത് അനുവദിച്ച ഭക്ഷ്യസാധനങ്ങൾക്കും മണ്ണെണ്ണക്കും കേന്ദ്രത്തിന് താങ്ങുവില നൽകേണ്ടിവരുന്ന സ്ഥിതിയുണ്ടോ ; വ്യക്തമാക്കുമോ ; | (എ) പ്രളയ ദുരിതാശ്വാസമായി അനുവദിച്ച അരി വിഹിതം വിലയീടാക്കാതെ എഫ്.സി.ഐ-യിൽ നിന്ന് വിട്ടു നല്കിയിട്ടുണ്ടെങ്കിലും ടി അരിയുടെ താങ്ങുവില നിരക്കിലുള്ള തുക സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള കേന്ദ്ര ദുരിതാശ്വാസനിധിയിൽ നിന്നോ ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരം സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള വിഹിതമുൾപ്പെടെയുള്ള മറ്റ് പദ്ധതിയിൽ നിന്നോ ക്രമീകരിക്കുന്നതാണെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. മണ്ണെണ്ണയും നോൺ സബ്സിഡി നിരക്കിലാണ് അനുവദിച്ചിട്ടുള്ളത്. |
| (ബി) മറ്റ് സംസ്ഥാനങ്ങളിൽ പ്രകൃതിദുരന്തം ഉണ്ടാകുമ്പോൾ സൗജന്യമായി ഭക്ഷ്യധാന്യങ്ങൾ നല്കുന്ന കേന്ദ്രം കേരളത്തിന്റെ കാര്യത്തിൽ വിരുദ്ധ നിലപാട് സ്വീകരിക്കുന്നുണ്ടോ ; എങ്കിൽ കാരണങ്ങൾ അറിയിച്ചിട്ടുണ്ടോ ; | (ബി) കേന്ദ്ര സർക്കാർ നയപ്രകാരം, പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ അധിക ഭക്ഷ്യധാന്യ വിഹിതം താങ്ങുവില നിരക്കിലാണ് അനുവദിക്കുന്നത്. |
| (സി) പ്രളയസമയത്ത് സംസ്ഥാനം ആവശ്യപ്പെട്ട അളവിൽ ഭക്ഷ്യധാന്യങ്ങളും മണ്ണെണ്ണയും കേന്ദ്രം നല്കിയിരുന്നോ ; വ്യക്തമാക്കുമോ ; | (സി) പ്രളയ സമയത്ത് 118000 മെട്രിക് ടൺ അരി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും 89540 മെട്രിക് ടൺ അരിയാണ് കേന്ദ്ര സർക്കാർ നല്കിയത്. കൂടാതെ 12000 കിലോ ലിറ്റർ മണ്ണെണ്ണയും ലഭ്യമാക്കിയിരുന്നു. |
| (ഡി) ഭക്ഷ്യധാന്യങ്ങൾക്ക് വില ഈടാക്കുന്നത് ഒഴിവാക്കണമെന്ന് കാണിച്ച് സംസ്ഥാനം കേന്ദ്രത്തിന് കത്ത് നല്കിയിരുന്നോ ; വ്യക്തമാക്കുമോ ; | (ഡി) ഭക്ഷ്യധാന്യങ്ങൾ സൗജന്യമായി ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ച് കേന്ദ്ര സർക്കാരിന് കത്ത് നല്കിയിരുന്നു. |
| (ഇ) പ്രളയത്തിൽപ്പെട്ട സംസ്ഥാനത്തിന് കേന്ദ്രത്തിൽ നിന്ന് ലഭിച്ച ഭക്ഷ്യധാന്യം മുഴുവൻ സംസ്ഥാന സർക്കാർ സൗജന്യമായാണോ വിതരണം ചെയ്തതെന്ന് വ്യക്തമാക്കുമോ ; | (ഇ) പ്രളയബാധിതരായ എല്ലാ വിഭാഗം കാർഡുടമകൾക്കും 5 കിലോഗ്രാം അരി വീതം സൗജന്യമായി ആഗസ്റ്റ് മാസത്തെ റേഷനോടൊപ്പം വിതരണം ചെയ്തിരുന്നു. കൂടാതെ എല്ലാ തോട്ടം തൊഴിലാളികൾക്കും സൗജന്യമായി കാർഡിന് 15 കിലോഗ്രാം അരി വീതവും വിതരണം ചെയ്തിരുന്നു. തുടർന്ന് 2018 സെപ്റ്റംബർ |

| | | | |
|---|---|---|---|
| | | | മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ ഇ-പോസ് മെഷീൻ മുഖേനയുള്ള വിതരണത്തിന് കൈകാര്യ ചെലവ് ഇനത്തിൽ കിലോഗ്രാമിന് ഒരു രൂപ നിരക്കിൽ ഈടാക്കി എല്ലാ മുൻഗണനേതര വിഭാഗങ്ങൾക്കും 5 കിലോഗ്രാം വീതം അരി നല്കി വരുന്നു. |
| **(എഫ്)** | പ്രതിസന്ധിഘട്ടത്തിൽ ഭക്ഷ്യധാന്യങ്ങൾക്ക് പണം ഈടാക്കിയ കേന്ദ്ര നിലപാടിനെതിരെ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ? | **(എഫ്)** | പ്രളയദുരിതാശ്വാസത്തിനായി അനുവദിച്ച ഭക്ഷ്യധാന്യങ്ങൾ സൗജന്യമായി ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചുവെങ്കിലും ടി ആവശ്യം പരിഗണിയ്ക്കുകയുണ്ടായില്ല. ഈ വിഷയത്തിൽ മറ്റു നടപടികൾ സ്വീകരിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**